പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3010

28.01.2014-ൽ മറുപടി നൽകേണ്ടത്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, സി. കൃഷ്ണൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, കെ. സുരേഷ് കുറുപ്പ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തിയാണോ പട്ടയം നൽകുന്നതെന്ന് വെളിപ്പെടുത്താമോ; പട്ടയത്തിൽ സർവ്വേ നമ്പറും പ്ലോട്ട് നമ്പറും രേഖപ്പെടുത്താറുണ്ടോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 പ്രകാരം വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമികൾ തെരഞ്ഞെടുത്ത് സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കിയാണ് ഭൂരഹിതരായ കുടുംബങ്ങൾക്ക് നൽകുന്നത്. ഭൂമിയെ സംബന്ധിക്കുന്ന സർവ്വെ നമ്പർ, പ്ലോട്ട് നമ്പർ തുടങ്ങിയ മുഴുവൻ വിവരങ്ങളും പട്ടയത്തിൽ രേഖപ്പെടുത്താറുണ്ട്. |
| (ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകുന്നതിന് എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) കാസർഗോഡ് ജില്ലയിൽ നിന്ന് 1721.46 ഏക്കർ ഭൂമി കണ്ടെത്തി സർവ്വേ ചെയ്തിട്ടുണ്ട്. |
| (സി) കണ്ടെത്തിയ ഭൂമി എത്ര അപേക്ഷകർക്ക് നൽകാൻ കഴിയും എന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (സി) കണ്ടെത്തിയ ഭൂമി അടിസ്ഥാന സൗകര്യങ്ങൾക്കു കൂടി പരിഗണിക്കുമ്പോൾ ഉദ്ദേശം 30900 ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയുമെന്ന് കാണുന്നു. |
| (ഡി) കാസർഗോഡ് ജില്ലയിൽ ഭൂമി നൽകുന്നതിനായി എത്ര അപേക്ഷകരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (ഡി) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി" പ്രകാരം ലഭിച്ച അപേക്ഷകരിൽ അന്വേഷണം നടത്തി 10271 കുടുംബങ്ങളെ പദ്ധതിയിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഗുണഭോക്താക്കളായി ജില്ലയിൽ നിന്ന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് എല്ലാവർക്കും ജില്ലയിലുള്ള ഭൂമി തന്നെ വിതരണം |

| | |
|---|---|
| | ചെയ്യുന്നതാണ്. |
| (ഇ) ജില്ലയ്ക്ക് പുറത്തുള്ളവർക്കും അവിടെ ഭൂമി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രപേർക്ക് നൽകുമെന്ന് വെളിപ്പെടുത്താമോ; | (ഇ) കാസർഗോഡ് ജില്ലയിലെ അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകിയ ശേഷമുള്ള പ്ലോട്ടുകൾ ലഭിക്കുന്നതിന് സമ്മതപത്രം നൽകിയ മറ്റ് ജില്ലകളിലെ ഗുണഭോക്താക്കളെ കൂടി പരിഗണിക്കുന്നതാണ്. |
| (എഫ്) ഭൂമി അനുവദിക്കപ്പെട്ട മറ്റ് ജില്ലകളിലുള്ള അപേക്ഷകർ അനുവദിച്ച ഭൂമിയിൽ താമസമാക്കുമെന്ന് കരുതുന്നുണ്ടോ ; | (എഫ്) സമ്മതപത്രം നൽകിയിട്ടുള്ള ഗുണഭോക്താക്കളെ മാത്രമേ മറ്റ് ജില്ലകളിലേയ്ക്ക് പരിഗണിക്കുകയുള്ളൂ എന്നതിനാൽ ഈ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. |
| (ജി) ഇങ്ങനെ അനുവദിക്കപ്പെടുന്ന ഭൂമി ഒന്നാകെ ഭൂമാഫിയകളുടെയും ക്രഷർ ഗ്രൂപ്പുകളുടെയും കൈയിൽ എത്തിച്ചേരാൻ ഇടയുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഫലത്തിൽ പ്രസ്തുത പദ്ധതിയുടെ മറവിൽ ഭൂമാഫിയകളെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ? | (ജി) ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015- ൽ പട്ടയം നൽകുന്നത്. ഭൂമി പതിവ് ചട്ടങ്ങളിൽ പതിച്ചു കിട്ടുന്ന ഭൂമിയുടെ കൈമാറ്റത്തിന് നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന ഭൂമികൾ ഏതെങ്കിലും തരത്തിൽ കൈമാറ്റം ചെയ്യാൻ സമയപരിധിക്കുള്ളിൽ കഴിയില്ല. ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന തരത്തിൽ ഒരു നിശ്ചിത കാലയളവിന് ശേഷം മാത്രമേ അനുവദിക്കപ്പെട്ട ഭൂമി കൈമാറ്റം ചെയ്യാൻ പാടുള്ളൂ എന്ന വ്യവസ്ഥ ഈ പദ്ധതിക്ക് ബാധകമാണ്. |

സെക്ഷൻ ഓഫീസർ